"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - പാറ്റൂർ - ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 196/2010 നമ്പർ കേസിലെ ബാലൻസ് തുക അനുവദിക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.3057/2025/LSGD തീയതി,തിരുവനന്തപുരം, 23-12-2025

---

പരാമർശം:-

1. സ.ഉ.(പി)നം.32/2019/ധന തീയതി 18/03/2019.
2. ബഹു. തിരുവനന്തപുരം II അഡീഷണൽ സബ് കോടതിയുടെ എൽ.എ.ആർ. 196/2010 നമ്പർ കേസിന്മേലുള്ള 31/01/2020 തീയതിലെ വിധിന്യായം.
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 11/08/2025 തീയതിയിലെ DCTVM/6423/2024-K9 നമ്പർ കത്ത്.
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 01/09/2025 തീയതിയിലെ എ3/2314/2025/ട്രിഡ നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ-ചൂരക്കാട്ടു പാളയം റോഡിന്റെ വികസനത്തിനായി വഞ്ചിയൂർ വില്ലേജിൽ 0.30 ആർ വസ്തു ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം സബ് കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 196/2010 നമ്പർ കേസിലെ ബാലൻസ് തുകയായ 34,12,158/- രൂപ (മുപ്പത്തിനാല് ലക്ഷത്തി പന്ത്രണ്ടായിരത്തി ഒരുനൂറ്റി അമ്പത്തിയെട്ട് രൂപ മാത്രം) അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശം(3), (4) എന്നിവ പ്രകാരം യഥാക്രമം തിരുവനന്തപുരം ജില്ലാ കളക്ടറും തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയും അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ-ചൂരക്കാട്ടു പാളയം റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ സർവ്വേ നം. 791-ൽ ഉൾപ്പെട്ട 0.30 ആർ വസ്തു ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ശ്രീ. എസ്.ആർ. ചന്ദ്രനും മറ്റുള്ളവരും ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 196/2010 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 34,12,158/- രൂപ (മുപ്പത്തിനാല് ലക്ഷത്തി പന്ത്രണ്ടായിരത്തി ഒരുനൂറ്റി അമ്പത്തിയെട്ട് രൂപ മാത്രം) ടി കേസിലെ കക്ഷികൾക്ക് '4217-60-800-93 Payment of Compensation in LAR Cases' എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി

ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASHA A K

ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം

ജില്ലാ കളക്ടർ, തിരുവനന്തപുരം.

ബന്ധപ്പെട്ട കക്ഷികൾക്ക് (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).

സ്പെഷൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.

ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/ 284/2025/ത.സ്വ.ഭ.വ.

Signed by
ഉത്തരവിൻ പ്രകാരം
Biju. B
Date: 24-12-2025 13:52:29

സെക്ഷൻ ഓഫീസർ